# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,**

**അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര**

**Email: cohagmet@kau.in&kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 35/2021 (70) വെള്ളിയാഴ്ച — **തീയ്യതി 27.08.2021**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 28.08.2021 | 29.08.2021 | 30.08.2021 | 31.08.2021 | 01.09.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 40 | 40 | 40 | 10 | 10 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 7 | 8 | 8 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 320 | 320 | 230 | 230 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 6 | 4 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും **സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്താവൂ.** | | |
| നെല്ല് (വിരിപ്പ്) കതിരു വന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യുഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ 2 മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു, ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക 550 ഗ്രാം യൂറിയ 700 ഗ്രാം രാജ്ഫോസ് 800 ഗ്രാം പൊട്ടാഷ് വീതവും മഴയെ ആശ്രയിച്ച കൃഷി ചെയ്യുന്ന തെങ്ങുകൾക്ക 500 ഗ്രാം യൂറിയ 800 ഗ്രാം രാജ്ഫോസ് ഒരു കിലോ പൊട്ടാഷും തെങ്ങൊന്നിന് ഇട്ടു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മഞ്ഞൾ | ഇല കരിച്ചിൽ | മഞ്ഞളിൽ ഇല കരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി കോൺടാഫ് (ഹെക്സാകൊണാസോൾ) രണ്ട് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (പയർ) | ഇലത്തീനിപ്പുഴു | പയറിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. പ്രതിവിധിയായി ക്ലോറാൻട്രാനിലിപ്രോൾ (കൊറാജൻ) 3 മി.ലി. പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിതീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. കുളമ്പു രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. (caadeccs, kvasu,മണ്ണുത്തി) | |

(Information given by RRS Vyttila)